**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 182** **23-02-2026 - ൽ മറുപടിയ്ക്ക്**

**ആഗോള അയ്യപ്പ സംഗമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ആഗോള അയ്യപ്പ സംഗമത്തിനായി ശബരിമല ജനറൽ ഫണ്ടിൽ നിന്നും എടുത്ത 2 കോടി രൂപ തിരിച്ചടച്ചിട്ടില്ല എന്ന സ്പെഷ്യൽ കമ്മീഷണർ റിപ്പോർട്ടിലെ പരാമർശം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഇത്തരം പരിപാടികൾ സംഘടിപ്പിക്കുവാൻ വേണ്ടി ദേവസ്വം ബോർഡിന്റെ 2025-26 ബജറ്റ് ശീർഷകമായ Expenditure Estimate II G Supplies & Contingencies എന്നതിന്റെ ഉപശീർഷകമായ 21 Religious Convention & Discourse ൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. ആഗോള അയ്യപ്പസംഗമത്തിന്റെ നടത്തിപ്പിലേക്കായി പ്രത്യേകമായി ഒരു ബാങ്ക് അക്കൗണ്ട് ധനലക്ഷ്മി ബാങ്കിന്റെ നന്ദൻകോട് ശാഖയിൽ ആരംഭിക്കുകയുണ്ടായി. സ്പോൺസർമാരിൽ നിന്നും സ്പോൺസർഷിപ്പ് തുക ലഭിക്കുവാൻ വൈകുമെന്ന് അറിയിച്ചതിനാലും സംഗമത്തിന്റെ സുഗമമായ നടത്തിപ്പ് കണക്കിലെടുത്തും 21 Religious Convention & Discourse ൽ വകയിരുത്തിയിരുന്ന 5 കോടി രൂപ ആഗോള അയ്യപ്പ സംഗമത്തിനായി ആരംഭിച്ച മേൽപ്പറഞ്ഞ അക്കൗണ്ടിലേക്ക് മാറ്റിയിരുന്നു. പ്രസ്തുത 5 കോടി രൂപ സ്പോൺസർമാരിൽ നിന്ന് തുക ലഭ്യമാകുന്ന മുറയ്ക്ക് ജനറൽ ഫണ്ടിലേക്ക് തിരികെ നിക്ഷേപിക്കുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. ഇപ്രകാരം സ്പോൺസർഷിപ്പ് തുക ലഭിച്ചപ്പോൾ സംഗമത്തിന് ചെലവായ 3 കോടി രൂപ ബോർഡിന്റെ ജനറൽ ഫണ്ടിലേക്ക് 17.10.2025 -ൽ തിരികെ നിക്ഷേപിച്ചിരുന്നു. ഇതിന് ശേഷവും സ്പോൺസർഷിപ്പിലൂടെ ലഭിച്ച തുകയടക്കം അവശേഷിക്കുന്ന 2,72,40,912/- രൂപ ഇതേ അക്കൗണ്ടിൽ തന്നെ ബാക്കിയുണ്ടെന്നും കണക്കുകൾ അന്തിമമാകുന്നമുറയ്ക്ക് ദേവസ്വം ബോർഡിന്റെ ജനറൽ ഫണ്ടിലേക്ക് പ്രസ്തുത തുക നിക്ഷേപിക്കാവുന്നതാണെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട പരിപാടികളിൽ കൃത്യമായ ജി.എസ്.ടി. ബില്ലുകൾ സമർപ്പിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട പരിപാടികളിൽ കൃത്യമായ ജി.എസ്.ടി. ബില്ലുകൾ സമർപ്പിച്ചിട്ടില്ല എന്നതടക്കം ചാർട്ടേർഡ് അക്കൗണ്ടന്റിൽ നിന്നും ലഭ്യമായ ഓഡിറ്റ് റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കുന്നതിനായി ദേവസ്വം കമ്മീഷണർ, ദേവസ്വം അക്കൗണ്ട്സ് ഓഫീസർ, ചീഫ് എഞ്ചിനീയർ എന്നിവർ അടങ്ങുന്ന ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | കൃത്യമായ ജി.എസ്.ടി. ബില്ലുകൾ സമർപ്പിക്കാത്തതു മൂലം ദേവസ്വം ബോർഡിന് ലക്ഷങ്ങളുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാക്കാൻ സാധിച്ചിട്ടില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് 3,12,76,440/- രൂപ മാത്രമാണ് ഇതുവരെയും ആകെ ചെലവഴിച്ചിട്ടുള്ളത്. ഇതിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) സമർപ്പിച്ച 3 കോടി രൂപയുടെ GST ബില്ലിന് അനുസൃതമായ input tax credit (45,76,271.18 രൂപ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ GSTR – 2B ൽ പ്രതിഫലിച്ചിട്ടുള്ളതാണ്. ഇനി നൽകാനുള്ള തുകകളിലും Input tax credit ലഭ്യമാക്കുന്നതിനുള്ള നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ